HOME-D1/222/2022-HOME

I/5934266/2023

പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1858 — 16.02.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

കുറ്റപത്രം ലഭിച്ച മന്ത്രിമാർ

| ചോദ്യം<br>ശ്രീമതി.കെ.എസ്.സലീഖ | | മറുപടി<br>ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ കാലയളവിൽ ക്രിമിനൽ കോടതിയലക്ഷ്യത്തിന് കുറ്റപത്രം ലഭിച്ച മന്ത്രിമാർ, വിവിധ കേസ്സുകളിൽ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും മറ്റു കോടതികളിലും വിചാരണ നേരിടുന്ന മന്ത്രിമാർ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും | 13-ാം കേരള നിയമസഭയിൽ മന്ത്രിയായിരുന്ന ശ്രീ.കെ.സി.ജോസഫിനെതിരെ കേരള ഹൈക്കോടതി മുമ്പാകെ CO C (Crl) 192/2016 നമ്പരായി ശ്രീ.വി.ശിവൻകുട്ടി, എം.എൽ.എ. ക്രിമിനൽ കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്തിരുന്നതും അത് 11.03.2016-ൽ തീർപ്പാക്കിയിട്ടുള്ളതുമാണ്. ക്രിമിനൽ കോടതിയലക്ഷ്യത്തിന് കുറ്റപത്രം ലഭിച്ചതോ ഹൈക്കോടതിയിലും, സുപ്രീം കോടതിയിലും മറ്റു കോടതികളിലുമുള്ള കേസുകളിൽ വിചാരണ നേരിടുന്നതോ ആയ മന്ത്രിമാർ ഇല്ല. |
| (ബി) | പ്രസ്തുത കേസ്സുകളിൽ മന്ത്രിമാർക്കെതിരെ കേസ് ഫയൽ ചെയ്തവർ ആരെല്ലാം; സ്വമേധയാ കോടതികൾ സ്വീകരിച്ച കേസ്സുകൾ ഏതെല്ലാം; വിശദാംശം വ്യക്തമാക്കുമോ; | | |
| (സി) | വിവിധ കോടതികളിൽ രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ കേസുകളുടെ പേരിൽ രാജിവച്ച മന്ത്രിമാർ ആരെല്ലാം; രാജിവയ്ക്കാനുള്ള കാരണം എന്തെന്നും ഇവരിൽ ആരുടെയെല്ലാം രാജി മുഖ്യമന്ത്രി ബഹു.ഗവർണ്ണർക്ക് നൽകി എന്നും ആരുടെയെല്ലാം രാജി ബഹു. ഗവർണ്ണർക്ക് മുഖ്യമന്ത്രി സമർപ്പിച്ചില്ല എന്നും ആയതിന്റെ കാരണം എന്ത് എന്നും വ്യക്തമാക്കുമോ ? | (സി) | 2011-16 കാലയളവിൽ ശ്രീ.കെ.ബി.ഗണേഷ് കുമാർ, കെ.എം.മാണി എന്നീ മന്ത്രിമാരാണ് രാജിവച്ചത്. |

സെക്ഷൻ ഓഫീസർ